# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/141/2017 | പത്രക്കുറിപ്പ് | 2017 ജൂലായ് 6

**എം. ജി. ബിരുദ ഏകജാലക പ്രവേശനം എസ്.സി/എസ്,ടി പ്രത്യേക അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ജൂലായ് 7 മുതൽ 10 വരെ. അലോട്ട്മെന്റ് 12 ന് പ്രസിദ്ധീകരിക്കും.**

എം. ജി സർവ്വകലാശായോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്പെഷ്യൽ അലോട്ട്മെന്റിന് ജൂലായ് 7 മുതൽ 10-ാം തീയതി വൈകീട്ട് അഞ്ചുമണി വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം എസ്. സി/എസ്. ടി അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഇതുവരെയും രജിസ്റ്റർ ചെയ്യാത്ത എസ്.സി/എസ്.ടി അപേക്ഷകർക്കും പുതുതായി ഫീസടച്ച് സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സെപ്ഷ്യൽ അലേട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് ജൂലായ് 12 ന് പ്രസിദ്ധികരിക്കും ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പ്രത്യേക അലോട്ട്മെന്റ് സ്പോട്ട് അലോട്ട്മെന്റല്ല.

മൂൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനം എടുത്തിട്ടുള്ളവർ പ്രത്യേക അലേട്ട്മെന്റിൽ പങ്കെടുക്കുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ അവർക്കു മുൻപ് ലഭിച്ച അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്. കൂടാതെ ഓപ്ഷനുകൾ പുതുതായി നൽകുന്നതിനുള്ള അവസരം ജൂലായ് 7 മുതൽ 10 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

**പരീക്ഷ മാറ്റി**

ഇന്ന് (ജൂലായ് 7) ആരംഭിക്കാനിരുന്ന ഒന്നാം വർഷ എം. ഫാം ഡിഗ്രി പരീക്ഷകൾ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട്.

**പരീക്ഷാതീയതി**

രണ്ടാം സെമസ്റ്റർ ബി. എച്ച്. എം (പുതിയ സ്കീം - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 4 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 17 വരെയും, 50 രൂപ പിഴയോടെ 18 വരെയും, 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും.

അഞ്ചാം സെമസ്റ്റർ (2014 അഡ്മിഷൻ റഗുലർ), മൂന്നാം സെമസ്റ്റർ (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) ബി. വോക് ഡിഗ്രി പരീക്ഷകൾ യഥാക്രമം ജൂലായ് 18, 21 തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 11 വരെയും, 50 രൂപ പിഴയോടെ 12 വരെയും, 500 രൂപ സൂപ്പർഫൈനോടെ 14 വരെയും സ്വീകരിക്കും. പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ ഇന്റേർണൽ മാർക്കുകൾ അപ്ലോഡ് ചെയ്യേണതാണ്. വീഴ്ച വരുത്തുന്ന കോളേജുകൾ സർവ്വകലാശാലാ ഉത്തരവുപ്രകാരമുള്ള പിഴ അടക്കേണ്ടതാണ്.

**പ്രാക്ടിക്കൽ, വൈവാ വോസി**

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എ ഇംഗ്ലീഷ് ലിറ്ററേച്ചർ - കമ്മ്യൂണിക്കേഷൻ & ജേർണലിസം ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ (ഇന്റർ പേഴ്സണൽ സ്കിൽസ്) ജൂലായ് 13, 14 തീയതികളിൽ വിവിധ കോളേജുകളിൽ നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. സൈക്കോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, ഡെസേർട്ടേഷൻ, വൈവാ വോസി എന്നിവ ജൂലായ് 10, 11 തീയതികളിൽ ആലുവ യൂ. സി. കോളേജിൽ വച്ചും, 12, 13 തീയതികളിൽ മാന്നാനം കെ. ഇ. കോളേജിൽ വച്ചും നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പി. എച്ച്. ഡി നൽകി.**

മഹാത്മാഗാന്ധി സർവ്വകലാശാല കെ. എം. ജെൻസി, ആശാ മത്തായി (മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ), പി. കെ. അനീസുദ്ദീൻ (ഹിസ്റ്ററി), ജി. ഗീതിക (ഇന്റർനാഷണൽ റിലേഷൻസ്ആന്റ് പൊളിറ്റിക്സ്), കൃപ. കെ. അലക്സ് (ഡവലപ്പ്മെന്റ് സ്റ്റഡീസ്) എന്നിവർക്ക് പി. എച്ച്. ഡി നൽകി.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് കോഴ്സിൽ 2017 - 19 അധ്യയന വർഷത്തിൽ എസ്.സി, എസ്.ടി വിഭാഗത്തിലായി 4 സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താത്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലായ് 10 ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ ഹാജരാകണം. ഫോൺ : 0481 2732922, 2733541.

**പി. ജി. മൂല്യനിർണ്ണയം : ഉത്തരക്കടലാസ് കൈപ്പറ്റണം.**

2017 ൽ നടത്തിയ ഒന്നും നാലും സെമസ്റ്റർ പി. ജി. പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി ജൂലൈ 10 ന് തൊടുപുഴ ന്യൂമാൻ കോളേജ് ക്യാമ്പസിൽ വച്ചും, ജൂലായ് 12 ന് ആലുവ യൂ. സി. കോളേജ്, തിരുവല്ല ടൈറ്റസ് II ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ വച്ചും വിതരണം ചെയ്യും. ഉത്തരവ് ലഭിച്ചിട്ടുള്ള അദ്ധ്യാപകർ അതത് കേന്ദ്രങ്ങളിൽ നിന്നും ഉത്തരക്കടലാസ് കൈപ്പറ്റണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**